# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 183
## 08.02.2016-ലെ മറുപടിക്ക്
## ഇ-ട്രഷറി പദ്ധതി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. ലൂഡി ലൂയിസ് | ബഹുമാനപ്പെട്ട മുഖ്യമന്ത്രി<br>ശ്രീ. ഉമ്മൻചാണ്ടി |
| (എ) | സംസ്ഥാനത്ത് ഇ- ട്രഷറി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;വിശദമാക്കുമോ; | സർക്കാരിലേക്കുള്ള പണം ഒടുക്കലുകളും സർക്കാരിൽ നിന്ന് പണം നൽകലും ഓൺലൈനായി നിർവ്വഹിക്കുന്നതിന് സൗകര്യ മൊരുക്കുന്ന ഇ-ട്രഷറി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിക്കഴിഞ്ഞു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ട്രഷറി സന്ദർശിക്കാതെ തന്നെ ലോകത്തെവിടെനിന്നും ഏതു സമയത്തും ഓൺലൈനായി ഗവൺമെന്റിലേക്ക് പണമടക്കുവാൻ ഇതുവഴി സാധിക്കുന്നു. സർക്കാരിൽ നിന്നും നൽകുന്ന പണം ഗുണഭോക്താക്കളുടെ ട്രഷറി/ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഇലക്ട്രോണിക് സംവിധാനം വഴി നൽകുന്നതിനും ഇ-ട്രഷറി വഴി കഴിയുന്നതാണ്. പണം കൈമാറ്റത്തിൽ ഇലട്രോണിക് സംവിധാനം നടപ്പിൽ വരുത്തണമെന്ന കേന്ദ്രസർക്കാരിന്റെയും റിസർവ്ബാങ്കിന്റേയും നിർദ്ദേശങ്ങളും ഇ-ട്രഷറി സംവിധാനം വഴി പ്രാപ്തമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ട്രഷറി സംവിധാനത്തിന്റെ വിശദമായ നടപടിക്രമങ്ങൾ 30.7.2014 ലെ സ.ഉ.(പി) നം.310/2014/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. യാതൊരുവിധ സർവീസ് ചാർജ്ജുകളോ അധിക ചാർജ്ജുകളോ ഇല്ലാത്ത ഇ-ട്രഷറി സംവിധാനം തികച്ചും സുതാര്യവും സൗകര്യ പ്രദവുമാണ്.<br>എസ്.ബി.റ്റി., എസ്.ബി.ഐ, കാനറാ ബാങ്ക് എന്നീ മൂന്ന് ഏജൻസി ബാങ്കുകളെയായിരുന്നു |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദ മാക്കുമോ | |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | |

| | | |
|---|---|---|
| | | തുടക്കത്തിൽ ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിരുന്നത്. ഇ-ട്രഷറി സംവിധാനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും കൂടുതൽ ഉപഭോക്താക്കൾക്ക് പ്രസ്തുത സൗകര്യമൊരുക്കുന്നതിനുമായി 9 ബാങ്കുകളെക്കൂടി ഇ-ട്രഷറി സംവിധാനത്തിൽ ഉൾപ്പെടുത്തി 28.2.2014 ലെ സ.ഉ.(പി)നം. 89/2014/ധന.പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെറ്റ് ബാങ്കിംങ് അക്കൗണ്ടില്ലാത്തവർക്ക് ഇ-ട്രഷറി സംവിധാനം ഉപയോഗപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ അക്ഷയസെന്ററുകളെ ഇ-ട്രഷറി സംവിധാനം വഴി പണമടയ്ക്കുന്നതിലേയ്ക്കായി 27.6.15 സ.ഉ(സാധാ) നം.258/15/ധന പ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ